"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിതശിശു വികസന വകുപ്പ്- സ്റ്റേറ്റ് നിർഭയ സെൽ- ആശ്വാസ നിധി പദ്ധതിയിൽ ഉൾപ്പെടുത്തി ലക്ഷ്മി.എ.ടി എന്ന അതിജിവിതയ്ക്ക് ധനസഹായം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതശിശു വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.279/2025/WCDD തീയതി,തിരുവനന്തപുരം, 13-06-2025

---

പരാമർശം:-
1. സ.ഉ.(സാധാ) നം.701/2018/സാ.നീ.വ തീയതി.10.12.2018.
2. സ.ഉ.(സാധാ) നം. 101/2021/WCDD തീയതി. 08.11.2021.
3. സ.ഉ.(സാധാ) നം. 488/2023/WCDD തീയതി. 04.09.2023.
4. വനിതശിശു വികസന ഡയറക്ടറുടെ 12.05.2025-ലെ DWCD/4520/2023-NCD നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ലൈംഗികാതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, നിഷ്ഠൂരമായ കുറ്റകൃത്യങ്ങൾ, ജെൻഡർ ബെയ്സ്ഡ് അതിക്രമങ്ങൾ എന്നിവയ്ക്ക് ഇരയായിട്ടുള്ള സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര ആശ്വാസം നൽകുന്നതിനായി 'ആശ്വാസനിധി' എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി പരാമർശം (1) പ്രകാരവും പ്രസ്തുത പദ്ധതി ഭേദഗതി ചെയ്ത് പരാമർശം (2) പ്രകാരവും ഉത്തരവായിരുന്നു. ആശ്വാസനിധി പദ്ധതിയ്ക്ക് ജില്ലാതല സംസ്ഥാന തല സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിച്ചും മുൻ ഉത്തരവ് ഭേദഗതി ചെയ്തും പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. ലക്ഷ്മി.എ.ടി, അട്ടിപെട്ടിചിറ, തോപ്പുപടി, കൊച്ചി എന്ന അതിജീവിതയുടെ അപേക്ഷയും അനുബന്ധ രേഖകളും പരിശോധിക്കുമ്പോൾ ആശ്വാസനിധി പദ്ധതിയിൽ ഗാർഹികാതിക്രമത്തിൽ ഉൾപ്പെടുത്തി 50,000/- രൂപ (അൻപതിനായിരം രൂപ മാത്രം) ധനസഹായം അനുവദിക്കാൻ സാധിക്കുന്നതാണെന്നും ആകയാൽ ടി അതിജീവിതയ്ക്ക് ആശ്വാസനിധി പദ്ധതിയിൽ ഉൾപ്പെടുത്തി 50,000/- രൂപ (അൻപതിനായിരം രൂപ മാത്രം) ധനസഹായം അനുവദിക്കണമെന്നും വനിതശിശു വികസന ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആശ്വാസനിധി പദ്ധതിയിൽ ഉൾപ്പെടുത്തി

ലക്ഷ്മി.എ.ടി, അട്ടിപെട്ടിചിറ, തോപ്പുപടി, കൊച്ചി എന്ന അതിജീവിതയ്ക്ക് 50,000/- (അൻപതിനായിരം രൂപ മാത്രം) രൂപ ധനസഹായം അനുവദിച്ച് നല്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ M S
അണ്ടർ സെക്രട്ടറി

ഡയറക്ടർ, വനിതശിശു വികസന വകുപ്പ്, തിരുവനന്തപുരം.

സ്റ്റേറ്റ് കോർഡിനേറ്റർ, നിർഭയ സെൽ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 13-06-2025 15:28:48